**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 179** **01-09-2022 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവുമധികം വിലയും പ്രോത്സാഹന ബോണസും നൽകി നെല്ല് സംഭരിക്കുന്നതിന് ഈ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന 2021 മെയ് മാസത്തിൽ നെല്ലിന്റെ സംഭരണ വില 27.48 രൂപയായിരുന്നു. ഇത് 2021-22 സീസണിൽ 28 രൂപയായും 2022-23 സീസണിൽ 28.20 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് അയൽ സംസ്ഥാനങ്ങളേക്കാൾ ചുരുങ്ങിയത് 7.05 രൂപയെങ്കിലും കൂടുതലാണ്. അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നെല്ലിന്റെ വില 21.15 രൂപയാണ്. |
| (ബി) | നെല്ലിന്റെ സംഭരണവില പരമാവധി ഉയർത്തി നിശ്ചയിക്കുന്നതിലും കുടിശിക തുക വിതരണം ചെയ്യുന്നതിലും കർഷകർക്ക് സഹായമാകുന്ന നിലപാട് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. 2021-22 സീസണിൽ 2,49,813 കർഷകർക്ക് 2071 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കർഷകർക്ക് നെല്ലിന്റെ സംഭരണ വില കൈമാറുന്നത് പാഡി റെസീപ്റ്റ് ഷീറ്റ് (പി.ആർ.എസ്) വായ്പാപദ്ധതി മൂലമാണ്. നെല്ലിന്റെ സംഭരണ വില കർഷകർക്ക് കൂടുതൽ സൗകര്യപ്രദമായി ലഭ്യമാക്കുവാൻ പി.ആർ. എസ്. വായ്പാപദ്ധതിയ്ക്ക് പകരമായി ബാങ്കുകളിൽ നിന്ന് സപ്ലൈകോ നേരിട്ട് വായ്പയെടുത്ത് കർഷകർക്ക് സംഭരണവില വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. ഇതുകൂടാതെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് നൽകുന്ന കൈകാര്യ ചിലവ്, നെല്ലിന്റെ വില തുടങ്ങിയവ യഥാസമയം കർഷകർക്ക് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്ന നടപടികൾ സപ്ലൈകോ കൈക്കൊണ്ടുവരുന്നുണ്ട്. കർഷകർക്ക് നെല്ലിന്റെ സംഭരണ വില സുതാര്യമായും കാലതാമസം കൂടാതെയും നൽകുന്നതിനായി കൂടുതൽ ഉദ്യോഗസ്ഥരെ താൽക്കാലികമായി നിയോഗിക്കുകയും മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി 2021-22 നെല്ല് സംഭരണ സീസണിൽ കൂടുതൽ വേഗത്തിൽ കർഷകർക്ക് സംഭരണവില കൊടുത്തുതീർക്കുവാനും സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നെല്ല് സംഭരണം ഊർജിതമാക്കുന്നതിനും നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | 1) 2022-23 സീസണിലെ നെല്ല് സംഭരണത്തിനായി ആഗസ്റ്റ് മാസം 1-ാം തീയതി തന്നെ കർഷക രജിസ്ട്രേഷനുവേണ്ടി സപ്ലൈകോ നെല്ല് സംഭരണ രജിസ്ട്രേഷൻ പോർട്ടൽ തുറന്ന് നൽകുകയും രജിസ്ട്രേഷൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2) നെല്ല് സംഭരണ പ്രക്രിയയിൽ പങ്കാളികൾ ആകാനായി മില്ലുകളുടെ താൽപ്പര്യം ക്ഷണിച്ച് അറിയിപ്പ് നൽകിയിട്ടുണ്ട്.<br><br>3) നെല്ല് സംഭരണത്തിന് ആവശ്യമുള്ള നിലവിലുള്ള ഉദ്യോഗസ്ഥരെ കൂടാതെ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതാണ്.<br><br>4) കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ വരുന്നത് അനുസരിച്ച് നെല്ല് സംഭരണം ആരംഭിക്കുന്നതാണ്. (മുൻവർഷങ്ങളിൽ സെപ്റ്റംബർ മുതൽ സംഭരണം ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ഈ വർഷവും സെപ്റ്റംബർ മുതൽ നെല്ല് സംഭരണം തുടങ്ങുന്നതിനുള്ള നിർദ്ദേശം വരുമെന്ന് പ്രതീക്ഷിക്കുന്നു.) |
| (ഡി) | കാലാവസ്ഥാ വ്യതിയാനവും കുട്ടനാടിന്റെ പ്രത്യേക സാഹചര്യവും പരിഗണിച്ച് നെല്ല് ഉണക്കി സംഭരിക്കാൻ കേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള മില്ലുടമകൾ പാടശേഖരങ്ങളിൽ നിന്നും നേരിട്ട് നെല്ല് സംഭരിച്ചു വരുന്ന രീതിയാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്. സംഭരിക്കുന്ന നെല്ല് ഉണക്കുന്നതിനും ആയവ സംസ്കരിച്ച് അരിയാക്കുന്നതിനും എല്ലാ ആധുനിക സജ്ജീകരണങ്ങളും ടി മില്ലുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത ഗുണനിലവാരമുള്ള നെല്ല് സംഭരിച്ച്, നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡപ്രകാരം തന്നെ മില്ലുകളിൽ ആധുനിക രീതിയിൽ സംസ്കരിച്ച് അരിയാക്കിയാണ് പൊതുവിതരണ സംവിധാനത്തിലെത്തുന്നത് എന്നത് പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട്. കേന്ദ്രീകൃത നെല്ല് സംഭരണകേന്ദ്രം നടത്തുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ